**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2983** **03-08-2021 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാതയ്ക്കായി സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിർദ്ദിഷ്ട ശബരി റെയിൽപാത പദ്ധതി നടപ്പിലാക്കുന്നത് സജീവ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചതുപ്രകാരം അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ഗതാഗതം തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം മെമ്പർ എൻജിനിയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേക്കും തുടർ നടപടികൾക്കായും നൽകുകയും കൂടാതെ സംസ്ഥാന റെയിൽ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ ഈ വിവരം അറിയിക്കുകയും ചെയ്തു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. |
| (ബി) | ഈ പദ്ധതിയ്ക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (ബി) | നിലവിൽ പ്രസ്തുത പദ്ധതി റെയിൽ മന്ത്രാലയം തത്കാലത്തേക്ക് ഘനീഭവിപ്പിച്ചിരിക്കുകയാണ്. എന്നാൽ അങ്കമാലി – ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് GO(Ms)No.1/2021/Trans Dt. 07.01.2021 പ്രകാരം സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന റെയിൽ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ സർക്കാരിന്റെ ഈ തീരുമാനം അറിയിക്കുകയും പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യത്തിൽ റെയിൽവേയുടെ അനുകൂല |

| | | | |
|---|---|---|---|
| | | | തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുമ്പോട്ട് പോകുവാൻ സാധിക്കുന്നതാണ്. |
| (സി) | സർക്കാർ ഈ പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നു എന്ന കാരണത്താൽ പദ്ധതി നടത്തിപ്പിനായി 1996-97 കാലത്ത് കണ്ടെത്തിയിട്ടുള്ള/അളന്ന് തിരിച്ചിട്ടുള്ള സ്വകാര്യ ഭൂമി വിൽക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത സ്വകാര്യ ഭൂമി വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ എന്തെങ്കിലും തടസമുണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ഡി) | പരാതി ലഭ്യമായാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ